**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1309** **19-06-2024 - ൽ മറുപടിയ്ക്ക്**

**ഉരുത്തിമുക്ക്-കരിയാട് പാലം നിർമ്മാണം പുനരാരംഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം- കൂത്തുപറമ്പ് മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഉരുത്തിമുക്ക്-കരിയാട് പാലത്തിന്റെ നിർമ്മാണം നിർത്തിവെച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കണ്ണൂർ ജില്ലയിലെ കിടഞ്ഞി ഉരുത്തിമുക്ക് പാലത്തിന് 31.10.2016 തീയതിയിലെ സ.ഉ(സാധാ)നം.1496/2016/പൊ.മ.വ പ്രകാരം തത്വത്തിൽ 15 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടായിരുന്നു. 16.03.2019 തീയതിയിൽ കിഫ്ബിയിൽ നിന്നും 11.791 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ടായിരുന്നു. 25.10.2019 തീയതിയിൽ 12.98 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിയ ശേഷം പ്രവൃത്തി ടെൻഡർ ചെയ്തു. തുടർന്ന് M/s. ULCCS Pvt. Ltd. ന് 12.32 കോടി രൂപയ്ക്ക് കരാർ നൽകി. പാലത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ വൈകിയതു കാരണം പ്രവൃത്തി വൈകിയതിനെ തുടർന്ന് കരാറുകാരൻ Price Escalation ആവശ്യപ്പെടുകയും, ആയത് അംഗീകരിക്കാനാവാത്തതിനാൽ പ്രവൃത്തി forclose ചെയ്യുകയും, ബാലൻസ് പ്രവൃത്തി ടെണ്ടർ ചെയ്യുകയുമാണുണ്ടായത്. പാലത്തിന്റെ നിർമ്മാണം നിലവിൽ 7% ആണ് പൂർത്തീകരിച്ചിട്ടുള്ളത്. നിലവിൽ അപ്രോച്ച് റോഡുകളുടെ സ്ഥലം ഏറ്റെടുപ്പ് പൂർത്തീകരിച്ച് സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. തുടർന്ന് ബാലൻസ് എസ്റ്റിമേറ്റിന് 08.05.2023-ൽ 14.8 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെൻഡർ ചെയ്തു. മൂന്ന് തവണ പ്രവൃത്തി ടെണ്ടർ ചെയ്യുകയുണ്ടായി. ആദ്യത്തെ ടെൻഡർ സിംഗിൾ ബിഡ് ആയതിനാൽ റീ ടെൻഡർ ചെയ്തു. രണ്ടാമത്തെ ടെൻഡറിൽ പങ്കെടുത്തിരുന്ന ULCCS ക്വാട്ട് ചെയ്ത തുക എസ്റ്റിമേറ്റ് തുകയേക്കാൾ 27% അധികമായതിനാൽ 45-ാമത് ടെൻഡർ അപ്പ്രൂവൽ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം റീ ടെൻഡർ ചെയ്തു. തുടർന്ന് മൂന്നാമത്തെ ടെൻഡറിൽ പങ്കെടുത്ത ULCCS ക്വാട്ട് ചെയ്ത തുക എസ്റ്റിമേറ്റ് തുകയേക്കാൾ 27% അധികമായതിനാൽ സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുവാൻ 47-ാമത് ടെൻഡർ |

| | | | |
|---|---|---|---|
| | | | അപ്പ്രൂവൽ കമ്മിറ്റി തീരുമാനിച്ചു. 21.11.2023 തീയതിയിൽ ടെണ്ടർ അംഗീകരിക്കുന്നതിനായി പ്രോജക്ട് ഡയറക്ടർ, പി.എം.യു.-കെ.ആർ.എഫ്.ബി. പ്രൊപ്പോസൽ സമർപ്പിക്കുകയും, 04.04.2024 തീയതിയിൽ എസ്റ്റിമേറ്റ് പുന:പരിശോധിച്ച് വീണ്ടും ടെൻഡർ ചെയ്യുവാനുള്ള നിർദ്ദേശം പി.എം.യു-കെ.ആർ.എഫ്.ബി, പ്രൊജക്ട് ഡയറക്ടർക്ക് നൽകുകയുമുണ്ടായി. അത് പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് പരിശോധിച്ച് സാങ്കേതികാനുമതി നൽകുന്ന മുറയ്ക്ക് പ്രവൃത്തി ടെൻഡർ ചെയ്ത് പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പാലത്തിന്റെ നിർമ്മാണം നിലവിൽ എത്ര ശതമാനം പൂർത്തികരിച്ചിട്ടുണ്ടെന്നും യു.എൽ.സി.സി. പാലം നിർമ്മാണം നിർത്തിവെച്ചതിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |
| (സി) | പാലം നിർമ്മാണത്തിന് ആവശ്യമായ അധിക തുക വകയിരുത്തുവാൻ സമർപ്പിച്ച പ്രോപ്പോസലിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | (എ) പിരിവിന്റെ അതേ മറുപടി. |
| (ഡി) | പ്രസ്തുത പാലം പണി എപ്പോൾ പുനരാരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ? | (ഡി) | (എ) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ